# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 11.06.2025**

## പ്രധാനവാർത്തകൾ

1. കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട ചരക്കുകപ്പലിലെ തീ ഭാഗികമായി നിയന്ത്രണവിധേയം. നാളെ വൈകുന്നേരത്തോടെ തീ പൂർണമായും അണയ്ക്കാൻ സാധിക്കുമെന്ന് കോസ്റ്റ് ഗാർഡ്.

2. കൊച്ചി തീരത്തിന് സമീപം ലൈബീരിയൻ ചരക്ക് കപ്പൽ മുങ്ങിയ സംഭവത്തിൽ കപ്പൽ കമ്പനിയെ ഒന്നാം പ്രതിയാക്കി കോസ്റ്റൽ പോലീസ് കേസെടുത്തു.

3. ഉപതിരഞ്ഞെടുപ്പിന് എട്ടു ദിവസം മാത്രം ശേഷിക്കേ നിലമ്പൂർ പ്രചാരണച്ചൂടിൽ. മണ്ഡലപര്യടനം തുടർന്ന് സ്ഥാനാർത്ഥികൾ.

4. അഴിമതിരഹിത സദ് ഭരണമാണ് കഴിഞ്ഞ 11 വർഷക്കാലം കേന്ദ്ര സർക്കാർ കാഴ്ചവച്ചതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.

5. സംസ്ഥാനത്തെ ഹൈസ്കൂൾ ക്ലാസുകളിൽ പുതിയ സമയക്രമം നിശ്ചയിച്ച് വിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി.

6. സംസ്ഥാനത്ത് കനത്ത മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ, കാസർകോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

PNUTVPM

****************************

## കപ്പൽ അപകടം (ഇൻട്രോ)

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട സിംഗപ്പൂർ ചരക്കുകപ്പലിലെ തീ ഭാഗികമായി നിയന്ത്രണവിധേയമാക്കി. കപ്പലിൻറെ മധ്യഭാഗത്തെ തീ കെടുത്താൻ സാധിച്ചതായും, ഇരു വശങ്ങളിലെയും അഗ്നിബാധ ശമിപ്പിക്കാൻ ശ്രമം തുടരുന്നതായും കോസ്റ്റ്ഗാർഡ് അറിയിച്ചു. ഹെലികോപ്റ്റർ ഉപയോഗിച്ചുള്ള ശ്രമകരമായ ദൗത്യത്തിലൂടെ കപ്പലിൻറെ മുൻഭാഗത്ത് വടം ബന്ധിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് കപ്പലിനെ ഉൾക്കടലിലേക്ക് കൂടുതൽ വലിച്ചു മാറ്റാനാണ് ശ്രമിക്കുന്നത്. രക്ഷാദൗത്യത്തിലെ ഏറെ നിർണായകമായ നേട്ടമാണിത്. 5 കോസ്റ്റ് ഗാർഡ് കപ്പലുകളാണ് നിലവിൽ തീ കെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നത്. നാളെ വൈകുന്നേരത്തോടെ തീ പൂർണമായും കെടുത്താനാകുമെന്നും കോസ്റ്റ് ഗാർഡ് വ്യക്തമാക്കി. അഗ്നിബാധ ശമിപ്പിക്കുന്നതിനും, കാണാതായ 4 പേരെ കണ്ടെത്തുന്നതിനുമാണ് കോസ്റ്റ് ഗാർഡും നാവികസേനയും പ്രഥമ പരിഗണന നൽകുന്നതെന്ന് കേരളാ മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ് പിള്ള ആകാശവാണിയോട് പറഞ്ഞു.

(ഹോൾഡ്)

***************************************

## കപ്പൽ കേസ്

കൊച്ചി തീരത്തിന് സമീപം ലൈബീരിയൻ ചരക്ക് കപ്പൽ മുങ്ങിയ സംഭവത്തിൽ ഫോർട്ട് കൊച്ചി കോസ്റ്റൽ പോലീസ് കേസെടുത്തു. കപ്പൽ കമ്പനിയാണ് കേസിലെ ഒന്നാം പ്രതി. ഷിപ്പ് മാസ്റ്റർ രണ്ടാം പ്രതിയും കപ്പൽ ജീവനക്കാരൻ മൂന്നാം പ്രതിയുമാണ്. മനുഷ്യജീവന് അപകടകരമാകുന്നതും പരിസ്ഥിതി നാശത്തിന്

RNU TVPM

ഇടയാക്കുന്നതുമായ വസ്തുക്കൾ കയറ്റിയ കപ്പൽ അലക്ഷ്യമായി കൈകാര്യം ചെയ്യുവെന്ന് ചൂണ്ടിക്കാട്ടിയാണ് കേസ്.

****************************

## ഉപതിരഞ്ഞെടുപ്പ് - നിലമ്പൂർ

ഉപതിരഞ്ഞെടുപ്പിന് എട്ടു ദിവസം മാത്രം ശേഷിക്കേ നിലമ്പൂർ പ്രചാരണച്ചൂടിൽ. മൂന്ന് മുന്നണികളുടേയും പ്രധാനപ്പെട്ട നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. പ്രാദേശിക വിഷയങ്ങൾക്കൊപ്പം രാഷ്ട്രീയ ആരോപണ - പ്രത്യോരോപണങ്ങളും നിലമ്പൂരിൽ ചർച്ചയാകുന്നുണ്ട്. എൽ ഡി എഫ് സ്ഥാനാർത്ഥി എം സ്വരാജും യു ഡി എഫിൻറെ ആര്യാടൻ ഷൗക്കത്തും എൻ ഡി എ സ്ഥാനാർത്ഥി മോഹൻ ജോർജ്ജും, സ്വതന്ത്ര സ്ഥാനാർത്ഥി പി വി അൻവറുമാണ് മത്സരരംഗത്തെ പ്രമുഖർ. വോട്ടെടുപ്പ് സുതാര്യമായും ഭയാശങ്കകളില്ലാതെയും നടത്തുന്നതിനുള്ള സംവിധാനങ്ങൾ സജ്ജമായതായി ജില്ലാ കളക്ടർ വി.ആർ. വിനോദ് അറിയിച്ചു. പുതുതായി 59 പോളിംഗ് സ്റ്റേഷനുകൾ കൂടി ക്രമീകരിച്ചിട്ടുണ്ടെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കളക്ടർ വ്യക്തമാക്കി. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

RNUTVPM

****************************

## ജോർജ്ജ് കുര്യൻ - ഇൻട്രോ

അഴിമതിയില്ലാത്ത സദ് ഭരണം കാഴ്ചവെക്കാൻ കഴിഞ്ഞ 11 വർഷക്കാലം കേന്ദ്ര സർക്കാരിന് സാധിച്ചതായി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. നരേന്ദ്ര മോദി സർക്കാർ 11 വർഷം പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ജനങ്ങളോട് ചേർന്ന് നിൽക്കുന്ന

സർക്കാരാണിതെന്നും ശ്രീ ജോർജ്ജ് കുര്യൻ പറഞ്ഞു. (വോയ്സ്)

******************************

## സ്കൂൾ സമയമാറ്റം

സംസ്ഥാനത്തെ 8, 9,10 ക്ലാസുകളിൽ പുതിയ സമയക്രമം നിശ്ചയിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി. വെള്ളിയാഴ്ച ഒഴികെ എല്ലാദിവസവും അരമണിക്കൂർ വീതം അധിക പ്രവർത്തി സമയം ഏർപ്പെടുത്തി. രാവിലെ 9.45 മുതൽ വൈകിട്ട് 4.15 വരെ ആയിരിക്കും ഇനി മുതൽ ഹൈസ്കൂൾ ക്ലാസുകൾ. അധ്യയനവർഷത്തിൽ 220 പ്രവൃത്തി ദിവസം വേണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശത്തെ തുടർന്നാണ് സമയക്രമത്തിൽ മാറ്റം വരുത്തിയത്.

******************************

## മന്ത്രിസഭ

സംസ്ഥാനത്തെ സർക്കാർ അംഗീകാരമുള്ള അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ, നിബന്ധനയ്ക്ക് വിധേയമായി 2025-2026 അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ സീറ്റുകളിൽ 10 ശതമാനം മാർജിനൽ വർദ്ധന അനുവദിക്കാൻ മന്ത്രിസഭ തീരുമാനിച്ചു. ആവശ്യപ്പെടുന്ന സ്കൂളുകൾക്ക്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിലാകും കൂടുതൽ സീറ്റുകൾ അനുവദിക്കുന്നത്

******************************

## BREAK

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....**

(ബ്രേക്ക്)

RNU TVPM

******************************

## വന്യമൃഗങ്ങൾ - കേന്ദ്ര വനം മന്ത്രാലയം

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൻറെ പട്ടിക ഒന്നിൽപ്പെട്ട വന്യമൃഗങ്ങളെ കൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് വളരെ പരിമിതമായ അധികാരങ്ങളേ ഉള്ളൂ എന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം. വന്യമൃഗങ്ങളെ പിടികൂടാനോ, മയക്കുവെടി വെയ്ക്കാനോ സാധിക്കാത്ത ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ മാത്രമാണ്, ഇവയെ കൊല്ലുന്നതിന് ഉത്തരവിടാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുള്ളത്. കേന്ദ്ര വന്യജീവി സംരക്ഷണ നിയമം കാലാനുസൃതമായി ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള സംസ്ഥാനത്തിൻറെ കത്തിനുള്ള മറുപടിയിലാണ് കേന്ദ്രം ഇക്കാര്യം അറിയിച്ചത്.

RNU TVPM

******************************

## മെട്രോ റെയിൽ അലൈൻമെൻ്റ്

തിരുവനന്തപുരം മെട്രോ റെയിൽ അലൈൻമെന്റ് സംബന്ധിച്ച ചർച്ചയ്ക്കായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. റവന്യൂ, ധനകാര്യം, തദ്ദേശസ്വയംഭരണം, ട്രാൻസ്പോർട്ട് വകുപ്പ് സെക്രട്ടറിമാർ അടങ്ങുന്നതായിരിക്കും സമിതി.

******************************

## കോവിഡ് - ആരോഗ്യമന്ത്രി

രാജ്യത്തെ കോവിഡ് രോഗികളുടെ എണ്ണം 7,121 ആയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. ഏറ്റവും കൂടുതൽ കോവിഡ് ബാധിതരുള്ള കേരളത്തിൽ 2,223 പേരാണ് ചികിത്സയിലുള്ളത്. രോഗ വ്യാപന ശേഷി കൂടുതലുള്ള വകഭേദങ്ങളാണ് സംസ്ഥാനത്ത് കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. പ്രായമായവരിലും മറ്റ് അനുബന്ധ രോഗമുള്ളവരിലും കോവിഡ് ഗുരുതരമാകും എന്നതിനാൽ പൊതുയിടങ്ങളിലും യാത്രകളിലും മാസ്ക് ധരിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് നിർദ്ദേശിച്ചു.

****************************

## തത്കാൽ ബുക്കിങ്

IRCTC വെബ്സൈറ്റ്, ആപ്പ് എന്നിവയിലൂടെയുള്ള തത്കാൽ ടിക്കറ്റ് ബുക്കിങ്ങിന് അടുത്ത മാസം ഒന്ന് മുതൽ ഇ-ആധാർ സ്ഥിരീകരണം നിർബന്ധമാക്കി. എസി, നോൺ എസി ക്ലാസുകളിലേക്ക് ഏജന്റ് വഴി ആദ്യ 30 മിനിറ്റിൽ ഇനി ടിക്കറ്റുകൾ ബുക്ക് ചെയ്യാനുമാവില്ല. അടുത്ത മാസം 15 മുതൽ എല്ലാ തത്കാൽ ഓൺലൈൻ ബുക്കിംഗും OTP അധിഷ്ഠിതമായിരിക്കുമെന്നും റെയിൽവേ മന്ത്രാലയം അറിയിച്ചു.

RNU TVPM

****************************

## മഴ - കേരളം

സംസ്ഥാനത്ത് കാലവർഷം വീണ്ടും സജീവമായി. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ എറണാകുളം, ഇടുക്കി, തൃശൂർ, കാസർകോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കണ്ണൂരും കാസർഗോഡും നാളെ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഈ മാസം 16 വരെ സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്കും, മണിക്കൂറിൽ 50 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ

ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 15 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

****************************

## ഡോപ്ളർ വെതർ റഡാർ

വയനാട് പുൽപ്പള്ളി പഴശ്ശിരാജ കോളേജിൽ ഡോപ്ളർ വെതർ റഡാർ സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം മുഖ്യമന്ത്രി പിണറായി വിജയൻറെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. കാലാവസ്ഥ നിരീക്ഷണത്തിനായി വടക്കൻ കേരളത്തിൽ റഡാർ സ്ഥാപിക്കുക എന്ന 2010 മുതലുള്ള സംസ്ഥാനത്തിന്റെ ആവശ്യമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. 100 കി.മി വിസ്തൃതിയിൽ കാലാവസ്ഥാ നിരീക്ഷണം നടത്താവുന്ന X ബാൻഡ് റഡാറിന്റെ പ്രയോജനം തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങൾക്കും ലഭിക്കും.

RNU TVPM

****************************

## മന്ത്രി വീണാ ജോർജ്-പരിശോധന

ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ നേതൃത്വത്തിൽ മഴക്കാലത്ത് സംസ്ഥാന വ്യാപകമായി 4,451 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. മേയ് മുതൽ ജൂലൈ വരെ നീണ്ടു നിൽക്കുന്ന ഓപ്പറേഷൻ മൺസൂണിൻറെ ഭാഗമായുള്ള പരിശോധനകൾ തുടരുമെന്നും മന്ത്രി അറിയിച്ചു. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 80 കടകളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. വൈകുന്നേരങ്ങളിൽ സജീവമാകുന്ന കടകൾ കേന്ദ്രീകരിച്ച് 4 മണി മുതൽ 8 മണിവരെയാണ് പരിശോധനകൾ നടത്തിയത്.

****************************

## വികസിത് കൃഷി സങ്കല്പ് -കോഴിക്കോട്

വികസിത് കൃഷി സങ്കല്പ് അഭിയാൻ യാത്ര കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്കിൽ ഇന്ന് പര്യടനം നടത്തി.. നാദാപുരം, തൂണേരി പുറമേരി എന്നിവിടങ്ങളിൽ ബോധവത്കരണ പരിപാടികളും നടന്നു.

****************************

## ലോക ടെസ്റ്റ് ക്രിക്കറ്റ്

ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന ഐ സി സി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൻറെ ആദ്യ ദിനത്തിൽ, ഓസ്ട്രേലിയ ദക്ഷിണാഫ്രിക്ക പോരാട്ടം പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ടുകൾ ലഭിക്കുമ്പോൾ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഓസ്ട്രേലിയ 4 വിക്കറ്റ് നഷ്ടത്തിൽ 117 റൺസ് എന്ന നിലയിലാണ്.

PNU TVPM

****************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 123 പോയിന്റ് നേട്ടത്തിൽ 82,515 ലും, നിഫ്റ്റി 37 പോയിന്റ് ഉയർന്ന് 25,141 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില ഉയർന്നു. പവന് 600 രൂപ കൂടി 72,160 രൂപയും ഗ്രാമിന് 75 രൂപ വർധിച്ച് 9,020 രൂപയുമാണ് ഇന്നത്തെ വില.

****************************

## ഓണത്തിനൊരുമുറം പച്ചക്കറി

കൃഷിവകുപ്പ് നടപ്പിലാക്കുന്ന ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. സെക്രട്ടേറിയേറ്റ് അങ്കണത്തിൽ പച്ചക്കറി തൈ നട്ടു കൊണ്ടാണ് മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചത്.

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, ഓണക്കാലത്ത് സുരക്ഷിത പച്ചക്കറി ഉൽപാദനം വീട്ടുവളപ്പിൽ ഉറപ്പാക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

****************************

## ഫുഡ് സ്ട്രീറ്റ് - വീണാ ജോർജ്ജ്

സംസ്ഥാനത്ത് നാല് ഇടങ്ങളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് ആധുനിക ഫുഡ് സ്ട്രീറ്റുകൾ സജ്ജമാക്കി വരുന്നതായി ആരോഗ്യമന്ത്രി വീണാ ജോർജ്. തിരുവനന്തപുരം ശംഖുമുഖം, എറണാകുളം പനമ്പിള്ളി നഗർ, മലപ്പുറം കോട്ടക്കുന്ന്, കോഴിക്കോട് ബീച്ച് എന്നിവിടങ്ങളിലാണ് ആദ്യ ഘട്ടത്തിൽ ഫുഡ് സ്ട്രീറ്റുകൾ സജ്ജമാക്കുന്നത്.

********************************************************************************

RNU TVPM